**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2510** **12-10-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ധാതുനിക്ഷേപങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കണ്ടെത്തിയ പ്രധാനപ്പെട്ട ധാതുനിക്ഷേപങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; ധാതുക്കളുടെ നിക്ഷേപം സംബന്ധിച്ച പര്യവേക്ഷണങ്ങൾ സംസ്ഥാനത്ത് നടക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് കണ്ടെത്തിയ പ്രധാനപ്പെട്ട ധാതുനിക്ഷേപങ്ങൾ ചീനകളിമണ്ണ്, സിലിക്കാ മണൽ, സ്വർണ്ണം, ലൈം ഷെൽ, ബോക്സൈറ്റ്, ഇരുമ്പയിര്, ഇഷ്ടികചെളി എന്നിവയാണ്. ഇപ്പോൾ കണ്ണൂർ ജില്ലയിൽ പയ്യന്നൂർ, തളിപറമ്പ് താലൂക്കുകളിലായി മൂന്നു സ്ഥലത്ത് ലാറ്ററൈറ്റ്/ അലുമിനസ് ലാറ്ററൈറ്റ്/ ബോക്സൈറ്റ്, ചൈനാക്ലേ എന്നിവയുടെ പര്യവേഷണം നടന്നുവരുന്നു. വെള്ളോറ, കുറ്റൂർ വില്ലേജുകളിൽ ഉൾപ്പെട്ട അനിക്കംപാറ, വെള്ളോറ വില്ലേജിൽ ഉൾപ്പെട്ട ബക്കളം, ചുഴലി വില്ലേജിൽ ഉൾപ്പെട്ട ഇരുവള്ളൂർ എന്നിവിടങ്ങളിലാണ് പര്യവേഷണം നടക്കുന്നത്. |
| (ബി) | സുതാര്യവും കാര്യക്ഷമവുമായ ധാതുപരിപാലനത്തിനായി പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) | ക്വാറികൾക്കുള്ള മൂവ്മെന്റ് പെർമിറ്റും ട്രാൻസിറ്റ് പാസും ഓൺലൈൻ ആയി മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ KOMPAS പോർട്ടലിൽ നിന്നാണ് അനുവദിക്കുന്നത്. ക്വാറിയിങ് പെർമിറ്റ്/ ലീസ് എന്നിവയ്ക്കായുള്ള അപേക്ഷ സ്വീകരിക്കുന്നതും അനുവദിക്കുന്നതും പൂർണ്ണമായും ഓൺലൈൻ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (സി) | സംസ്ഥാനത്തെ ധാതുക്കളുടെ അനധികൃത ഖനനം, കടത്ത് എന്നിവ തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ? | (സി) | ധാതുക്കളുടെ അനധികൃത ഖനനവും കടത്തും തടയാൻ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ 3 സ്ക്വാഡുകളും ജില്ലാ ഓഫീസുകളും നിരന്തര പരിശോധന നടത്താറുണ്ട്. അനധികൃത ഖനനം കണ്ടെത്തിയാൽ കേരള മൈനർ മിനറൽ കൺസഷൻ റൂൾസ് 108(2) പ്രകാരമുള്ള നടപടി സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ